സീ-മാറ്റ് കേരളയിലെ ചട്ടവിരുദ്ധ നിയമനം

130 (1186) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ് കേരളയിൽ വേണ്ടതിലധികം ജീവനക്കാരെ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ കരാർ അടിസ്ഥാനത്തിൽ ഡയറക്ടർ നേരിട്ട് നിയമിച്ചത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തത് നിയമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർ ഇപ്പോഴും തുടരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏതു മാനദണ്ഡത്തിലാണെന്നും അക്കൗണ്ടന്റ് ജനറലിന് ഈ വിഷയത്തിൽ സീ-മാറ്റ് ഡയറക്ടർ നൽകിയ മറുപടി എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സീമാറ്റ്-കേരളയിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും നിയോഗിച്ചിട്ടുള്ളത് നിയമവിരുദ്ധമാണ് എന്ന് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല.

വി.എച്ച്.എസ്.ഇ.-യിലെ അദ്ധ്യാപകർക്കുള്ള പരിശീലനം

131 (1187) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തികവർഷത്തിൽ സീ-മാറ്റ് കേരള നടത്തിയ വി.എച്ച്.എസ്.ഇ.-യിലെ അദ്ധ്യാപകർക്കുള്ള പരിശീലനത്തിന് 10.81 ലക്ഷം രൂപ മാത്രം ചെലവഴിക്കുകയും 52.80 ലക്ഷം ചെലവഴിച്ചതായി വ്യാജ കണക്കു നൽകി വി.എച്ച്.എസ്.ഇ.-യിൽ നിന്നും പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീ-മാറ്റ് കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ സ്വീകരിക്കുവാൻ പോകുന്ന നടപടിയെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീമാറ്റ്-കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി പറഞ്ഞിട്ടില്ല. എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ് വാങ്ങുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കണമെന്ന മാത്രമാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. വി.എച്ച്.എസ് .സി ഡയറക്ടറും, സീമാറ്റ്-കേരള ഡയറക്ടറും തമ്മിൽ ഒപ്പുവച്ചിട്ടുള്ള ഉടമ്പടി പ്രകാരമാണ് മാനേജ്മെന്റ് പരിശീലനം നടത്തിയിട്ടുള്ളതും അതിനുള്ള ഫണ്ട് സീമാറ്റ്-കേരളയ്ക്ക് നൽകിയിട്ടുള്ളതും.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly